തലശ്ശേരിയിലെ പരിസ്ഥിതി പ്രശ്നങ്ങൾ

101 [T. 655] ശ്രീ. സി. പി. മുഹമ്മദ് :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. സി. ജോസഫ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ ചതുപ്പു നിലങ്ങൾ നികത്തിയും കണ്ടൽക്കാടുകൾ വെട്ടിത്തെളിച്ചും വൻകെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരുടെ നേതൃത്വത്തിലാണ് ഇപ്രകാരം ചെയ്തത് ; ഇതുമൂലം അതാതിടത്തെ പരിസ്ഥിതിയിൽ എന്തെങ്കിലും മാറ്റം ഉണ്ടാകാനിടയുണ്ടോ ?

ഉത്തരം

(എ) തലശ്ശേരിയിൽ ഇത്തരത്തിലുള്ള മൂന്ന് സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. തിരുവങ്ങാട് വില്ലേജിലെ റീസർവ്വേ നമ്പർ 53/1, 53/2, 53/3-ഇവയിൽപ്പെടുന്ന തണ്ണീർത്തടം കണ്ടൽവനങ്ങൾ നികത്തി എം. സി. എൻക്ലേവ് എന്ന പേരിൽ വില്ലകൾ പണിതിട്ടുണ്ട്.
2. തലശ്ശേരി മുസിപ്പാലിറ്റിയിലെ വാർഡ് ഒന്നിൽ ബ്ലോക്ക് 6-ൽ കണ്ടൽക്കാട് മണ്ണിട്ട് നികത്തി സിറ്റി സെന്റർ എന്ന പേരിൽ ഷോപ്പിംഗ് കോപ്ലക്സ് പണിതിട്ടുണ്ട്.
3. തലശ്ശേരി-കണ്ണൂർ നാഷണൽ ഹൈവേയിൽ കൊടുവള്ളിയിൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിന് മുൻപിലായി റോഡ് വികസിപ്പിക്കുന്നതിനായി കണ്ടൽക്കാടുകൾ മണ്ണിട്ട് നികത്തി റോഡ് വീതി കൂട്ടി പണിതിട്ടുണ്ട്.

(ബി) യഥാക്രമം എം. സി. ലക്ഷ്മണൻ തലശ്ശേരി, സതേൺ വിനീർസ് തലശ്ശേരി, നാഷണൽ ഹൈവേ എക്സിക്യൂട്ടീവ് എൻജിനീയർ, കണ്ണൂർ എന്നിവരുടെ നേതൃത്വത്തിലാണ് മേൽപറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. വിശദമായ പഠനത്തിന് ശേഷമേ പരിസ്ഥിതി സംബന്ധമായ ആഘാതത്തെക്കുറിച്ച് പറയാൻ കഴിയുകയുള്ളൂ.

ഏലം വനമേഖലയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി

102 [656] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, എ. സി. മൊയ്തീൻ :
,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏലം വന മേഖലയിൽ നടന്ന അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

T—ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly